"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഏകവരുമാനദായകന്റെ മരണം-ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.5/2023/SCSTD തീയതി,തിരുവനന്തപുരം, 04-03-2023

---

പരാമർശം:- 1) സ.ഉ.(കൈ) നം. 128/12/പജപവവിവ തീയതി 20/09/2012.
2) സ.ഉ.( കൈ) നം. 85/2018/പജപവവിവ തീയതി 22/11/2018.
3) സ.ഉ.(സാധാ) നം. 582/2019/പജപവവിവ തീയതി 26/06/2019.
4) സ.ഉ.( കൈ) നം. 83/2019/പജപവവിവ തീയതി 26/11/2019.
5) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 15/01/2023-ലെ SCDD/3087/2022-C2 (Dev.C) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടതയനുഭവിക്കുന്ന പട്ടികജാതി കുടുംബത്തിന് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകുന്ന ധനസഹായ തുക ₹2,00,000/- രൂപയായി(രണ്ട് ലക്ഷം രൂപ മാത്രം) വർദ്ധിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. മരണകാരണം കണക്കിലെടുക്കാതെയും അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചും, പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ചും തുക കണ്ടെത്തേണ്ട ശീർഷകം സംബന്ധിച്ചും സ്പഷ്ടീകരണം നൽകിയും വരുമാന പരിധി നിശ്ചയിച്ചും പരാമർശം (3), (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

അപേക്ഷകർക്ക് സഹായം ലഭിക്കുന്നതിലുള്ള കാലതാമസവും അസൗകര്യവും ഒഴിവാക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുമുള്ള ശിപാർശ പരാമർശം (5) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടതയനുഭവിക്കുന്ന പട്ടികജാതി കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം നിലിവിലുള്ള മാർഗ്ഗനിർദേശങ്ങളിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

- മരണപ്പെട്ടയാളുടെ (ഏകവരുമാനദായകന്റെ) പ്രായം 21നും 60 നും മധ്യേ ആയിരിക്കണം.
- അപേക്ഷകയ്ക്ക്/അപേക്ഷകന് 21 വയസ്സുവരെ പ്രായമുള്ള മക്കളുണ്ടെങ്കിൽ പരിഗണിക്കാവുന്നതാണ്.

- 21 വയസ്സിനു മുകളിൽ പ്രായമുള്ള മക്കൾ തൊഴിൽ ചെയ്യാനാകാത്ത സാഹചര്യങ്ങൾ ഉണ്ടെങ്കിൽ (ഭിന്നശേഷിക്കാർ, മറ്റ് രോഗാവസ്ഥ) മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിഗണിക്കുന്നതാണ്.
- മക്കൾ വിദ്യാർത്ഥികളാണെങ്കിലും പ്രായപരിധി കണക്കിലെടുക്കാതെ അപേക്ഷ പരിഗണിക്കുന്നതാണ്.
- മരണം സംഭവിച്ച ഉടൻ തന്നെയാണ് കുടുംബത്തിന് ധനസഹായം ആവശ്യമായി വരുന്നത് എന്നതിനാൽ, ധനസഹായം ലഭിക്കുന്നതിന് മരണം സംഭവിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രത്യേക സാഹചര്യമുണ്ടെങ്കിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു വർഷം വരെയുള്ള കാലതാമസം സർക്കാർ തലത്തിൽ മാപ്പാക്കി ധനസഹായം അനുവദിക്കുന്നതാണ്.
- രണ്ടു വർഷത്തിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- മരണപ്പെട്ട വ്യക്തി പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളാണെങ്കിൽ അപേക്ഷകൻ/അപേക്ഷക പട്ടിക വിഭാഗമല്ലെങ്കിലും ധനസഹായം അനുവദിക്കുന്നതാണ്.
- മരണപ്പെട്ട വ്യക്തി പട്ടികവിഭാഗമല്ലെങ്കിലും അപേക്ഷകൻ/ അപേക്ഷക പട്ടികജാതിയിൽപ്പെട്ട വ്യക്തിയാണെങ്കിൽ ധനസഹായം അനുവദിക്കുന്നതാണ്.
- മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർവിവാഹം ചെയ്യുന്ന സാഹചര്യത്തിലും, വിവാഹിതരായ മക്കൾ ഉണ്ടെങ്കിലും ധനസഹായം അനുവദിക്കുന്നതല്ല.

പരാമർശിത ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ പട്ടികജാതി വികസന വകുപ്പ് ഓഫീസർമാർ (ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ,ഐ&പി.ആർ.ഡി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shibu K Shamsudeen
Date: 06-03-2023 12:58:17
സെക്ഷൻ ഓഫീസർ

പകർപ്പ് -പകർപ്പ്:-ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമവും- ദേവസ്വവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾക്കായി സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ എണ്ണം ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ(സാധാ)നം.632/2023/പജപവവിവ തിരുവനന്തപുരം, തീയതി. 24/05/2023

---

പരാമർശം:- 1) പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 7/10/2021 ലെ സ.ഉ(പി) നം.1/2021/പനിവിനി നമ്പർ ഉത്തരവ്.

2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 31/03/2023 ലെ SCDD/7846/2022-RA (PL) നമ്പർ കത്ത്.

## ഉത്തരവ്

പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികൾക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം വളരെ അനിവാര്യമായ സർട്ടിഫിക്കറ്റുകൾ മാത്രം ഉൾപ്പെടുത്തി സേവനം സാധ്യമാക്കുന്നതിനായി പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷാഫോമുകൾ ഓരോ പദ്ധതിക്ക്/സേവനങ്ങൾക്ക് അനുസൃതമായി സ്വയം സത്യവാങ്മൂലം ഉൾപ്പെടെ പരിഷ്കരിക്കേണ്ടതും, വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണെന്ന നിബന്ധനയോടെ പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ലഘൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പദ്ധതി | അപേക്ഷയോടൊപ്പം ആവശ്യമായ സർട്ടിഫിക്കറ്റുകൾ |
|---|---|---|
| 1 | വിവാഹ ധനസഹായം | 1. അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്<br>2. കുടുംബ വാർഷികവരുമാന സർട്ടിഫിക്കറ്റ്<br>3. വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ഫണ്ട് റിലീസിന്) |
| 2 | ഏകവരുമാന ദായകന്റെ മരണം ആശ്രിതർക്കുള്ള ധനസഹായം | 1. അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്<br>2. കുടുംബ വാർഷികവരുമാന സർട്ടിഫിക്കറ്റ്<br>3. വില്ലേജ് ഓഫീസിൽ നിന്നുള്ള ഏക വരുമാന ദായകനാണെന്ന് |

| | | |
|---|---|---|
| | | തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>4. മരണ സർട്ടിഫിക്കറ്റ് |
| 3 | പഠന മുറി | 1. ഇ-ഗ്രാന്റ്സ് ഐ.ഡി<br>2. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് |
| 4 | വിദേശ തൊഴിൽ ധന സഹായം | 1. ജാതി സർട്ടിഫിക്കറ്റ്<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്<br>3. പാസ്സ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. തൊഴിൽ വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |
| 5 | അഭിഭാഷകർക്കുള്ള ധനസഹായം | 1. ജാതി സർട്ടിഫിക്കറ്റ്<br>2. ബാർ കൗൺസിൽ എൻറോൾമെൻറ് സർട്ടിഫിക്കറ്റ് |
| 6 | സ്വയം തൊഴിൽ ധനസഹായം | 1. അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്<br>2. പ്രോജക്ട് റിപ്പോർട്ട് |
| 7 | പാരലൽ കോളേജ് വിദ്യാഭ്യാസ സഹായം | 1. ജാതി സർട്ടിഫിക്കറ്റ്<br>2. സ്ഥാപനത്തിന്റെ മേലധികാരി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ്<br>3. സർക്കാർ/എയ്ഡഡ് സ്ഥാപനത്തിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 8 | സംഗീത, നൃത്ത വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായം | 1. സ്ഥാപന മേധാവിയിൽ നിന്നും, ആവശ്യമായ ഉപകരണങ്ങളുടെ പേര് അടങ്ങിയ സർട്ടിഫിക്കറ്റ്<br>2. ഇ-ഗ്രാന്റ്സ് ഐ.ഡി |
| 9 | പഠന യാത്ര | 1. ഇ-ഗ്രാന്റ്സ് ഐ.ഡി.<br>2. സ്ഥാപന മേധാവിയിൽ നിന്നുള്ള ബോണഫൈഡ് സർട്ടിഫിക്കറ്റ് |
| 0 | റിപ്പീറ്റേഴ്സിനുള്ള എൻട്രൻസ് കോച്ചിംഗ് സഹായം (പ്ലസ് ടുവിന് ശേഷം) | 1. ഇ-ഗ്രാന്റ്സ് ഐ.ഡി.<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്<br>3. പ്ലസ് ടു സർട്ടിഫിക്കറ്റിന്റെ പകർപ്പ് |
| 11 | വിഷൻ എൻട്രൻസ് കോച്ചിംഗ് സഹായം | 1. ഇ-ഗ്രാന്റ്സ് ഐ.ഡി<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് |
| 12 | പ്രൈവറ്റ് ആക്കോമഡേഷൻ | 1. ഇ-ഗ്രാന്റ്സ് ഐ.ഡി.<br>2. ഹോസ്റ്റൽ മേധാവിയിൽ നിന്ന് ഹോസ്റ്റൽ അന്തേവാസിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും വാടക രസീതും |

| | | |
|---|---|---|
| 13 | സേഫ് ( Secure Accommodation and Facility Enhancement)പദ്ധതി | 1. ജാതി സർട്ടിഫിക്കറ്റ്<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്<br>3. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്<br>4. വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 14 | മിശ്രവിവാഹ ധനസഹായം | 1. ദമ്പതികളുടെ ജാതി സർട്ടിഫിക്കറ്റ്<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്<br>3. വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |
| 15 | ഹെൽത്ത് കെയർ പ്രോഗ്രാം – ചികിത്സ ധനസഹായം | 1. രോഗിയുടെ ജാതി സർട്ടിഫിക്കറ്റ്<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്<br>3. ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് (നിർദ്ദിഷ്ട ഫോം പ്രകാരം) |
| 16 | തീപിടുത്തങ്ങൾ / പ്രകൃതി ദുരന്തങ്ങൾക്കുള്ള സാമ്പത്തിക സഹായം | 1. ജാതി സർട്ടിഫിക്കറ്റ്<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്<br>3. നഷ്ടം സംബന്ധിച്ച് തഹസിൽദാറുടെ റിപ്പോർട്ട് |
| 17 | സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം | ഇ-ഗ്രാന്റ്സ് ഐ.ഡി. |
| 18 | ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം | ഇ-ഗ്രാന്റ്സ് ഐ.ഡി. |
| 19 | ആരോഗ്യ ശോഷണത്തിന് സാധ്യതയുള്ള ശുചീകരണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് | 1. ഇ-ഗ്രാന്റ്സ് ഐ.ഡി.<br>2. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ സാക്ഷ്യപത്രം |
| 20 | അയ്യങ്കാളി ടാലന്റ് സെർച്ച് ഡെവലപ്മെന്റ് സ്കീം | 1. ഇ-ഗ്രാന്റ്സ് ഐ.ഡി<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് |
| 21 | പ്രത്യേക പ്രോത്സാഹന പദ്ധതി | 1. ഇ-ഗ്രാന്റ്സ് ഐ.ഡി<br>2. മാർക്ക് ലിസ്റ്റിന്റെ പകർപ്പ് |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 1. ഇ-ഗ്രാന്റ്സ് ഐ.ഡി<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്<br>3. അഡ്മിഷൻ അലോട്ട്മെന്റിന്റെ പകർപ്പ് |
| 23 | സ്വയം സഹായ സംഘം | 1. അപേക്ഷകരുടെ ജാതി സർട്ടിഫിക്കറ്റ്<br>2. പ്രോജക്റ്റ് റിപ്പോർട്ട്<br>3. സ്വയം സഹായ സംഘങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ |

| | | |
|---|---|---|
| 24 | ടൂൾ കിറ്റ് | 1. ജാതി സർട്ടിഫിക്കറ്റ്<br>2. നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് |
| 25 | ദുർബലവിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി | 1. ജാതി സർട്ടിഫിക്കറ്റ്<br>2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്<br>3. ബന്ധപ്പെട്ട പദ്ധതികൾക്കാവശ്യമായ രേഖകൾ |
| 26 | മെഡിക്കൽ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം | ഇ-ഗ്രാന്റ്സ് ഐ.ഡി |

* എല്ലാ പദ്ധതികൾക്കും അപേക്ഷയോടൊപ്പം ആധാർ സമർപ്പണം നിർബന്ധമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/AUDIT), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ